# ഒറ്റ മരത്തിലെ പക്ഷി

"ആറ്റുനോറ്റുണ്ടായൊരുണ്ണി, അമ്മ കാത്തുകാത്തുണ്ടായൊരുണ്ണി....." ഒരു ആരോചകം ഉളവാക്കുന്ന മുറിഞ്ഞ ശബ്ദത്തിൽ ആ കാസറ്റിൽ നിന്നും പാട്ട് ഉയർന്നു കൊണ്ടിരുന്നു. വഴിയിൽ കൂടി പോകുന്നവർ കാട്പിടിച്ചും, കഥയിച്ചും തുടങ്ങിയിരിക്കുന്ന ആ വീട് കണ്ട് മുഖം ചുളിച്ചു. അകത്ത് നിന്ന് ഇടയ്ക്കിടയ്ക്ക് ഉയരുന്ന കരച്ചിൽ മാത്രമായിരുന്നു അവിടെ മനുഷ്യവാസമുണ്ടെന്ന് തെളിയിച്ചിരുന്നത്. ഒരു ചെറിയ ആൺകുട്ടി തന്റെ അമ്മയുടെ കൈവിട്ട് കൗതുകത്തോടെ ആ വീടിന്റെ ഗേറ്റിന്റെ അഴികളിൽ പിടിച്ചുനിന്നു. അമ്മയുടെ താക്കീതുകളെ അവഗണിച്ചുകൊണ്ട് ആ കുട്ടി തന്റെ നിൽപ്പ് തുടർന്നു. പെട്ടന്നാണ് അകത്ത് നിന്നും ഒരു മുഷിഞ്ഞ സാരിയുടുത്ത, പാറിപ്പറക്കുന്ന മുടിയിഴകളും കരഞ്ഞ് ചുമന്ന കണ്ണുകളുമായി ഒരു സ്ത്രീ പുറത്തേക്ക് ഓടിവന്നത്. വാർദ്ധക്യം പൂമുഖ വാതിക്കൽ എത്തിയിട്ടും, യൗവനം പടികടക്കാൻ വിസമ്മതിച്ചത് പോലെയായിരുന്നു ആ സ്ത്രീയെ കാണാൻ. കുട്ടി അവരെ തന്നെ നോക്കിയിരിക്കെ ആ സ്ത്രീ മണ്ണിൽ മുട്ടുകുത്തിയിരുന്നുകൊണ്ട് ആനന്ദാശ്രു പുറപ്പെടുവിച്ചു. "അവസാനം നീ വന്നുവല്ലോ! അമ്മയ്ക്ക് അത് മതി. വാ, അകത്തേക്ക് വാ".

ഞാൻ വിളിച്ചിട്ട് കുട്ടി വരാത്തത് കണ്ട സ്ത്രീ അഴികൾക്കിട-യിലൂടെ കൈ കടത്തി അവനെ വലിക്കാൻ ശ്രമിച്ചു. പേടിച്ചു-പോയ കൊച്ചുകുട്ടി പരിഭ്രാന്തിയിൽ കരഞ്ഞപ്പോൾ ആണ് വഴിയിൽ ആരോടോ സംസാരിച്ചുകൊണ്ടിരുന്ന അമ്മ അത് കണ്ടത്. "അയ്യോ! എന്റെ കുഞ്ഞ്!" അവർ ഉടനെ ആ സ്ത്രീയെ ഒരു വലിയ കല്ല് എടുത്തെറിഞ്ഞു. നെറ്റി പൊട്ടി ചോര ഒഴുകുമ്പോഴും, ശേഷം മെല്ലെ ബോധം മങ്ങുകയും ചെയ്യുമ്പോഴും, ആ സ്ത്രീയുടെ നാവിൽ ഒന്ന് മാത്രമായിരുന്നു ആവർത്തിച്ചുകൊണ്ടിരുന്നത്. "ഉണ്ണീ, മോനേ."

അടഞ്ഞുകിടന്ന ആ സ്ത്രീയുടെ കണ്ണുകളിലൂടെ കണ്ണു-നീർ ഒഴുകിയിറങ്ങി. നല്ലവരായ കുറച്ച് നാട്ടുകാർ ഗേറ്റ് എങ്ങനെയൊക്കെയോ തുറന്ന് അവരെ അകത്തേക്ക് കിടത്തി. കൂട്ടത്തിൽ പ്രായമുള്ളവർ സഹതാപത്തോടെ നിശ്വസിച്ചു: "പാവം സാവിത്രി. എത്ര സന്തോഷത്തോ-ടെ കഴിഞ്ഞിരുന്ന കുടുംബം ആയിരുന്നു?! ഇത്രയൊ-ക്കെയുള്ളൂ മനുഷ്യന്റെ കാര്യം." എല്ലാവരും അത് അംഗീ-കരിച്ചുകൊണ്ട് തലയാട്ടി. "എന്നാലും നമ്മൾ ആരെങ്കിലും വിചാരിച്ചതാണോ കുഞ്ഞിനെ നഷ്ടപ്പെട്ടതുകൊണ്ട് സാവിത്രി ചേച്ചിയുടെ മനോനില തെറ്റുമെന്ന്!?" അങ്ങനെ പലതും ആളുകൾ പറഞ്ഞുകൊണ്ടിരുന്നു. എല്ലാവരും

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

പിരിഞ്ഞു പോയി. ആ വീട്ടിൽ ഒരു കീറിയ പായയിൽ കിടക്കുന്ന സാവിത്രിയുടെ മനസ്സ് ഗതിയില്ലാത്ത ആത്മാവിനെ പോലെ അസ്വസ്ഥമായി. അവളുടെ മനോദർപ്പണത്തിൽ വ്യഗ്രതയോടെ തന്റെ മകന്റെ സാമീപ്യം സാവിത്രി തിരഞ്ഞു. ഒരു അന്ധകാര ഗുഹയിലേക്ക് തള്ളിയിടുന്നത് പോലെ, സാവിത്രിയുടെ അവബോധമനസ് പഴയകാല ഓർമ്മകളുടെ കുത്തൊഴുക്കിലേക്ക് വീണു. വർഷങ്ങൾക്ക് മുമ്പ് മകനെ പള്ളിക്കൂടത്തിൽ നിന്നും വിളിച്ചുകൊണ്ടുവരുന്ന കാഴ്ച മനോദർപ്പണത്തിൽ തെളിഞ്ഞു വന്നു.

അതൊരു ഉത്സവക്കാലമായിരുന്നു. സ്കൂളിൽ നിന്നും വരുന്ന വഴിയെ ഉത്സവത്തിനായി വിൽക്കാൻ കൊണ്ടുവന്ന കളിപ്പാട്ടങ്ങൾക്കു വേണ്ടി ഉണ്ണിക്കുട്ടൻ വാശി പിടിച്ചു. കുട്ടിയെ വീട്ടിലേക്ക് എടുത്ത് സമാധാനിപ്പി-ച്ചു കൊണ്ട് പോകുന്ന സാവിത്രിയിലായിരുന്നു ജനങ്ങളുടെ കണ്ണ്: ഒരിക്കൽ കിരീടം വയ്ക്കാത്ത റാണിയെ പോലെ ജീവിച്ചിരുന്ന, എന്നാൽ ഇപ്പോൾ സ്വന്തം മകന് ഒരു കളിക്കോപ്പ് വാങ്ങാൻ പണമില്ലാത്ത സാവിത്രിയെ കണ്ട് അവർക്ക് സഹതാപം തോന്നി. സാവിത്രിയുടെ ഭർത്താ-വായിരുന്ന ശേഖരന് ചിട്ടിയും കാശ് ഉൾപ്പെടുന്ന മേഖല-കളിലും ആയിരുന്നു ജോലി. എന്നാൽ കൂടെനിന്നവർ ചതിച്ചപ്പോൾ നിമിഷനേരം കൊണ്ട് ശേഖരൻ കടക്കെണിയിൽ

കേരള സ്കൂൾ കലോത്സവം
തീയതി....................
64-ാമത് ★ പ്രോഗ്രാം കമ്മിറ്റി ★ തൃശ്ശൂർ

കൂടങ്ങി. അധികം വയസ്സ് പോലും ഇല്ലാതിരുന്ന ശേഖരൻ അപമാനഭാരം താങ്ങാനാവാതെ ആത്മഹത്യ തിരഞ്ഞെടുത്തു. അതിൽ പിന്നെ സാവിത്രിയുടെ ജീവിതം നരകസമാനമായിരുന്നു. എന്നിരുന്നാലും തന്റെ ഒരേയൊരു മകന് വേണ്ടി സാവിത്രി ജീവിതത്തോട് പോരാടാൻ തയാറായി. എല്ലാതരം ജോലികളും സാവിത്രി ചെയ്തു. ജോലി കഠിനമാവുമ്പോഴും മേലുദ്യോഗസ്ഥൻ ശകാരവർഷം കൊണ്ട് പൊതിയുമ്പോഴും അവൾ തന്റെ മകന് വേണ്ടി അതൊക്കെയും സഹിച്ചു. ജീവിതം ഒറ്റമരത്തിലെ പക്ഷിയെ പോലെയായിരുന്നെങ്കിലും തന്റെ വീടെന്ന കുഞ്ഞുകിളിക്കൂടിൽ തനിക്ക് വേണ്ടി പറക്കമുറ്റാത്ത ഒരു കുഞ്ഞുണ്ടെന്ന തിരിച്ചറിവ് അവളെ മുന്നോട്ട് നയിച്ചു.

"ആറ്റുനോറ്റുണ്ടായൊരുണ്ണി, അമ്മ കാത്ത് കാത്തുണ്ടായൊരുണ്ണി......" ഉണ്ണിയുടെ വാടിയ മുഖം കണ്ടിട്ട് ഉള്ള സമ്പാദ്യത്തിൽ നിന്നും നുള്ളിപെറുക്കി അവന് ഇഷ്ടപ്പെട്ട കളിപ്പാട്ടം വാങ്ങാൻ പോവുകയാണ് അവർ രണ്ട് പേരും. ഉത്സവപ്പറമ്പ് ജനസാന്ദ്രമായതിനാൽ സാവിത്രി ഉണ്ണിയുടെ കൈ മുറുകെ പിടിച്ചിരുന്നു. കളിപ്പാട്ടം വാങ്ങി അതിന്റെ കാശ് കൊടുത്തു തിരിഞ്ഞപ്പോൾ ആണ് തന്റെ കൈവിട്ട് ഉണ്ണി എപ്പോഴോ കൂട്ടം തെറ്റിയെന്ന് സാവിത്രി മനസിലാക്കിയത്. ഉത്സവപറമ്പി-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

യിൽ ആ അമ്മയുടെ വേദന നിറഞ്ഞ തിരച്ചിൽ ആരും വകവച്ചില്ല. കാര്യഗൗരവം അവർ മനസിലാക്കിയതും ഉണ്ണിയെ അവിടെയെങ്ങും അവർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അവർ വൈകിപ്പോയിരുന്നു. ഉത്സവത്തിന് പല സ്ഥലങ്ങളിൽ നിന്നും ആളുകൾ വന്നിരുന്നത് കൊണ്ട് അവരിൽ ആരെങ്കിലും കുട്ടിയെ തട്ടിക്കൊണ്ട് പോയതായിരിക്കുമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ വിധിയെഴുതി. വേറെ തെളിവുകൾ ഇല്ലാതിരുന്നത് കൊണ്ട് ആ കേസ് അവിടം കൊണ്ട് തീർന്നു. ഇണക്കിളി നഷ്ടപ്പെട്ടിട്ടും പിടിച്ചുനിന്ന സാവിത്രിയ്ക്ക് കാലം കൊടുത്ത അടുത്ത ക്രൂരമായ തമാശയായിരുന്നു അത്, അവളുടെ കുഞ്ഞിനെ അവളിൽ നിന്നും അകറ്റിയത്! പതിയെ പതിയെ സാവിത്രിയുടെ മനോനില തകരാറിലായി. എല്ലാ ചെറിയ ആൺകുട്ടികളിലും സാവിത്രി തന്റെ ഉണ്ണിയെ തിരഞ്ഞു.

എന്നാൽ നല്ലവനായൊരു മനുഷ്യന് റോഡിൽ വണ്ടിയിടിച്ച് കിടന്ന ഉണ്ണിയെ ലഭിച്ചെന്നും, ഇത്ര വർഷക്കാലമത്രയും ഉണ്ണി അദ്ദേഹത്തിന്റെ മകനായി വളർന്നെന്നും, തനിക്ക് സംഭവിച്ച അപകടത്തിൽ തന്റെ ബാല്യകാല ഓർമകൾ നഷ്ടപ്പെട്ട ഉണ്ണി ഇപ്പോൾ ഒരു ഡോക്ടർ ആണെന്ന വിവരങ്ങൾ സാവിത്രിയ്ക്ക് അന്യമായിരുന്നു. നിയതി എന്നും പാവങ്ങളെ വേട്ടയാടി

രസിക്കുന്ന ക്രൂരമായ സത്യമാണ്.

ഓർമ്മകളുടെ അഗാധ ഗർത്തത്തിൽ നിന്നും പുറത്ത് വന്ന സാവിത്രിയുടെ നില വീണ്ടും മോശമായി. അവൾ "ഉണ്ണി" എന്ന് അലറിക്കൊണ്ട് പുറത്തേക്ക് ഓടി. അടഞ്ഞു-കിടന്ന ഗേറ്റ് തള്ളിത്തുറന്ന് സാവിത്രി ഓടിയെത്തിയത് ചീറിപ്പാഞ്ഞു വന്ന ഒരു വാഹനത്തിനു മുന്നിലാണ്.

സാവിത്രിയുടെ കണ്ണുകൾ നീണ്ട മണിക്കൂറുകളുടെ പരിശ്രമത്തിനൊടുവിൽ ആ യുവഡോക്ടർ അടച്ചു. "ക്ഷമിക്കണം.. ഞങ്ങൾ പരമാവധി പരിശ്രമിച്ചു. എന്നാൽ ജീവൻ രക്ഷിക്കാനായില്ല." ആ ഡോക്ടർ അതും പറഞ്ഞ് നടന്നകലുമ്പോൾ സാവിത്രിയും ആ യുവഡോക്ടറും തമ്മിലുള്ള ബന്ധം അവർ ഇരുവരും തിരിച്ചറിയാതെ പോയത് നിയതിയുടെ മറ്റൊരു തമാശയായിരിക്കുമോ? ഒറ്റമരത്തിലെ ആ പക്ഷി ഇനിയെങ്കിലും സമാധാനത്തോടെ, തന്റെ മരണാനന്തര ജീവിതത്തിൽ ചിറകടിച്ചുയരട്ടെ.

"ആറ്റുനോറ്റുണ്ടാ.......കാത്ത്കാത്തുണ്ടായൊരു-ണ്ണി." സാവിത്രിയുടെ വീട്ടിൽ നിന്നും വീണ്ടും ആ പാട്ടുയർന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).